# Malayala Manorama

# 29 August 2018

# Paravoor, After Flood, Flood Victims, Rahul Gandhi




**നമുക്കു ശരിയാക്കാമെന്നേ:** പ്രളയത്തിൽ തകർന്ന എറണാകുളം മാഞ്ഞാലി നികത്തുംതറ തേലത്തുരുത്തു സജീവ് കുഞ്ഞയ്യപ്പന്റ വീട് രാഹുൽ ഗാന്ധി സന്ദർശിക്കുന്നു. വി.ഡി. സതീശൻ എംഎൽഎ സമീപം. ഈ വീട് പുനർനിർമിച്ചു നൽകണമെന്ന് എംഎൽഎയോട് രാഹുൽ നിർദേശിച്ചു.
ചിത്രം: റോബർട്ട് വിനോദ് ● മനോരമ.

## രാഹുലിൽനിന്നു സജീവനു കിട്ടി, പുതിയ വീടിന്റെ സ്വപ്നം

### കുട്ടികളുടെ പഠനച്ചെലവ് ഏറ്റെടുക്കാമെന്നും വാഗ്ദാനം

പറവൂർ ● പ്രളയജലം കൂരയ്ക്കു മുകളിലൂടെ ഒഴുകിപ്പോയ തേലത്തുരുത്തിലെ സജീവ് കൊച്ചയ്യപ്പന്റെ ദുർബലമായ വീടിനുള്ളിലേക്കു കോൺഗ്രസ് അധ്യക്ഷൻ രാഹുൽ ഗാന്ധി കയറിപ്പോകുമ്പോൾ സുരക്ഷാ ഉദ്യോഗസ്ഥർ അങ്കലാപ്പിലായിരുന്നു. മലവെള്ളം ഇറങ്ങിയശേഷം ഈ വീട് ഏതു സമയവും ഇടിയാവുന്ന അവസ്ഥയിലാണ്. സിമന്റ് തേയ്ക്കാത്ത ഇഷ്ടിക ഭിത്തിയിൽ തൂക്കിയിട്ട മെഡലുകളിലേക്കു ചൂണ്ടി രാഹുൽ, ഒപ്പമുണ്ടായിരുന്ന പറവൂർ എംഎൽഎ വി.ഡി. സതീശനോടു ചോദിച്ചു, ഇത് ആർക്കു ലഭിച്ചതാണ്?

പഠന നിലവാരം പുലർത്തിയതിനു സജീവന്റെ മൂത്തമകൾ അഞ്ജിതയും മകൻ അഷ്വിനും നേടിയ മെഡലുകളാണെന്നറിഞ്ഞ രാഹുൽ ഗാന്ധി ഇവർക്കു പുതിയ വീടു നിർമിച്ചു നൽകാനും കുട്ടികളുടെ പഠനച്ചെലവുകൾ ഏറ്റെടുക്കാനും വി.ഡി. സതീശനെ ചുമതലപ്പെടുത്തി.

ചാലക്കുടി എംആർഎസ് സ്കൂളിലെ പ്ലസ് ടു വിദ്യാർഥിയായ അഞ്ജിത ഹോസ്റ്റലിലായതിനാൽ പുസ്തകങ്ങൾ നഷ്ടപ്പെട്ടില്ല. എന്നാൽ, കുറ്റിപ്പുഴ ക്രിസ്തുരാജ സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥിയായ അഷ്വിന്റെ പുസ്തകങ്ങൾ വെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ടു. പ്രളയജലം വീടിനു മുകളിലൂടെ കുതിച്ചൊഴുകിയപ്പോൾ ഹൃദയം തകർന്നാണു മക്കളോടൊപ്പം ദുരിതാശ്വാസ ക്യാംപിൽ കഴിഞ്ഞതെന്നു സജീവന്റെ ഭാര്യ സുനിത പറഞ്ഞു.

വീടിനെക്കാൾ ഇവരുടെ ആധി മുഴുവൻ മക്കളുടെ കാര്യത്തിലായിരുന്നു. രാഹുൽ ഗാന്ധിയുടെ സന്ദർശനത്തോടെ പുതിയ വീടും കുട്ടികൾക്കു പഠന സഹായവും ഉറപ്പാക്കിയതിന്റെ സന്തോഷത്തിലാണ് ഈ കുടുംബം.

പുത്തൻവേലിക്കര പഞ്ചായത്തിലെ തേലത്തുരുത്ത് കേരള ഓഡിറ്റോറിയത്തിൽ ഒത്തുകൂടിയ വെള്ളപ്പൊക്ക ദുരിത ബാധിതരെ നേരിൽ കണ്ടു മടങ്ങുമ്പോഴാണു രാഹുൽ ഗാന്ധി സജീവന്റെ ഇടിഞ്ഞു വീഴാറായ വീട് സന്ദർശിച്ചത്. സജീവന്റെ സഹോദരി രമണിയുടെ വീടും പുനർനിർമിച്ചു നൽകുമെന്ന് വി.ഡി. സതീശൻ എംഎൽഎ അറിയിച്ചു. ഈ വീടിനും വലിയ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

### ആശ്വാസമേകി അങ്കമാലിയിൽ

പ്രളയദുരിതത്തിലായവർക്ക് ആശ്വാസമായി രാഹുൽ ഗാന്ധിയെത്തി. അങ്കമാലി സെന്റ് മേരീസ് സൂനോറോ കത്തീഡ്രലിലെ ദുരിതാശ്വാസ ക്യാംപിൽ ഇന്നലെ വൈകിട്ടാണ് സാന്ത്വനവുമായി കോൺഗ്രസ് അധ്യക്ഷൻ രാഹുൽഗാന്ധിയെത്തിയത്. ക്യാംപിലെ കുരുന്നായ ദയാനെ തലോടിയ രാഹുൽ അനഘ ഷാജിയോടു പേരു ചോദിച്ചറിഞ്ഞു. നേരത്തെ നിശ്ചയിച്ചിരുന്ന സന്ദർശന സ്ഥലങ്ങളിൽ റോജി എം. ജോൺ എംഎൽഎയുടെ അഭ്യർഥനപ്രകാരം പൊടുന്നനെ മാറ്റം വരുത്തിയാണ് അങ്കമാലിയിലെ ക്യാംപിലും രാഹുൽഗാന്ധിയെത്തിയത്. സർക്കാരിന്റെ ധനസഹായം കിട്ടിയോയെന്ന ചോദ്യത്തോടെയാണു ക്യാംപിലുള്ളവരോടു സംസാരിച്ചു തുടങ്ങിയത്. ഇല്ലെന്നായിരുന്നു മറുപടി. ''ഉണ്ടാക്കിയതെല്ലാം ഒറ്റ രാത്രി കൊണ്ടു നഷ്ടപ്പെട്ടതിന്റെ ദുഃഖം എനിക്കു മനസ്സിലാകും. മതത്തിനും ജാതിക്കും അതീതമായി പ്രവർത്തിച്ച് കേരളം ദുരന്തത്തെ അതിജീവിച്ചതിൽ അഭിമാനമുണ്ട്''- രാഹുൽ പറഞ്ഞു.